**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2335** **12-10-2021 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-21 കാലയളവിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ചാത്തന്നൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പദ്ധതികൾ ഇനിയും പൂർത്തീകരിക്കാനുണ്ടെന്നും അറിയിക്കാമോ; | (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നല്കിയിട്ടുള്ളതും, പൂർത്തീകരിക്കാനുള്ളതുമായ പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഇതേ കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്ക് ഇനിയും സാമ്പത്തികാനുമതി നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ നിർദ്ദേശിച്ചിട്ടുള്ളതിൽ സാമ്പത്തിക അനുമതി നൽകാനുള്ള പ്രവർത്തികളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | സാമ്പത്തികാനുമതി ലഭ്യമായിട്ടില്ലാത്ത പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി ലഭിക്കാൻ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്ന് വിശദമാക്കാമോ? | (സി) | ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ കിഫ്ബി പദ്ധതിയായി മന്ത്രിസഭ അംഗീകാരം നൽകിയിട്ടുള്ളതോ ആയ പദ്ധതികൾക്ക് ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതത് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ വിശദ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്നു. അത് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്നും മറ്റു വ്യതിയാനങ്ങൾ ഉണ്ടോ എന്നതും അവലോകന വിഭാഗം പരിശോധിക്കുന്നു. ന്യൂനതകൾ ഉള്ള പദ്ധതി റിപ്പോർട്ടുകൾക്ക് സാങ്കേതിക അവലോകന റിപ്പോർട്ട്നൽകി അത് പരിഹരിച്ച് നൽകുവാൻ എസ്.പി.വികൾക്ക് നിർദേശം നൽകുന്നു. വിവിധ മേഖലകളിലെ സങ്കേതിക വിദഗ്ധരുടെ സഹായത്തോടെയാണ് പദ്ധതി അവലോകനം നടത്തുന്നത്. ഇതിനോടൊപ്പം നിയമസഭാ സാമാജികർ, പദ്ധതി നിർവ്വഹണഏജൻസി/വകുപ്പ് വിദഗ്ധർ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് വിവിധഘട്ടങ്ങളിൽ |

| | | | |
|---|---|---|---|
| | | | അവലോകന യോഗങ്ങൾ നടത്തി പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നു. പ്രസ്തുത അവലോകന റിപ്പോർട്ട് ഉൾപ്പടെ വിശദപദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ്കമ്മിറ്റി/ ബോർഡ് മുൻപാകെ സമർപ്പിച്ചാണ് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ

## ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങൾ
(അനുബന്ധം 1)

| Sl.No | Department | Sub Project Name | Project Outlay, (Rs in Crore) | Project status |
|---|---|---|---|---|
| 1 | General Education | Betterment of infrastructure facilities in 229 schools, Kollam Cluster 1-Phase 1 - Pooyappalli Govt. H.S | ₹ 3.00 | Work in progress |
| 2 | Water Resources | Replacement of Transmission Mains in Kollam Circle, **(multiple constituencies included)** | ₹ 37.33 | Work in progress |
| 3 | Water Resources | KIIFB 2017-18 Water Supply schemes, The extention of Distribution system from jica scheme in various villages under chathannoor constituency | ₹ 60.00 | Work in progress |
| 4 | PWD | Construction of RoB in lieu of LC 554 in between Railway KM 168/400-500 (Ollal) near Ayyappa temple in Kollam | ₹ 36.75 | KIIFB Approved |
| 5 | General Education | Kollam and Pathanamthitta - Cluster 5 (**1. Nedungolam Govt. HSS, (Rs. 7956828), 2. Uliyanad Govt. HS, (RS. 9316197)**) | ₹ 1.73 | Work Awarded |
| 6 | Fisheries & Ports | Strengthening of fish marketing Infrastructure in Kollam, Phase 2 - Paripally Fish Market | ₹ 2.64 | KIIFB Approved |
| 7 | Fisheries & Ports | Chathanoor Fish Market | ₹ 4.57 | KIIFB Approved |
| 8 | Fisheries & Ports | South Paravoor fish Market | ₹ 1.83 | Work in progress |
| 9 | General Education | PPE Mission- Upgradation of one school in each constituency - Kollam District-Phase 2 - Govt.HSS, Chathannur | ₹ 5.00 | Work in progress |
| 10 | Fisheries & Ports | Improving Education Infrastructure in Selected Schools of the Coast of Kerala - Government Lower Primary School, Kottappuram | ₹ 1.07 | Work in progress |
| 11 | PWD | Improvements to Ayoor - Ithikkara road Km 8/000 to 17/500 | ₹ 16.09 | Work Completed |
| 12 | Water Resources | Water Supply Scheme to Kalluvathukkal Parippally and Velinalloor villages - Phase I | ₹ 27.00 | Work in progress |

സെക്ഷൻ ഓഫീസർ

# ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങൾ
(അനുബന്ധം 2)

| Sl.No | Department | Sub Project Name | Project Outlay, (Rs in Crore) | Project status |
|---|---|---|---|---|
| 1 | PWD | Improvements to Chathannoor-Meenad -Kulamada- Paravoor -Nellettil-Bhoothakkulam- Edayadi road | ₹ 191.60 | Under Appraisal |
| 2 | General Education | Betterment of infrastructure facilities in 229 schools, Kollam Trivandrum cluster - GHSS Paravur | ₹ 2.82 | Under Appraisal |

സെക്ഷൻ ഓഫീസർ